5982

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ്-വിവരാവകാശ നിയമം 2005 – എയിഡഡ് മേഖലയിലെ സ്കൂളുകളിൽ സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരെയും അപ്പീൽ അധികാരികളെയും സ്ഥാന നിർദ്ദേശം ചെയ്ത ഉത്തരവ് - പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================================

പൊതു വിദ്യാഭ്യാസ (പി എസ്) വകുപ്പ്

സ.ഉ.(എം.എസ്) നമ്പർ 10/2014/പൊ.വി.വ തീയതി, തിരുവനന്തപുരം, 09.01.2014

===================================================================

പരാമർശം: 1. സ.ഉ.(സാധാ) നം.3905/2013/ പൊ.വി.വ, തീയതി 24.09.2013

2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 30.10.2013 ലെ ഒ & എം.(3)/17107/13/ഡി.പി.ഐ നമ്പർ കത്ത്

3. ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറുടെ 02.12.2013 ലെ എസിഡി/സി1/20960/13 നമ്പർ കത്ത്

4. തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറുടെ 08.12.2013 ലെ ഇ 3/7130/13 നമ്പർ കത്ത്

DIRECTOR OF PUBLIC INSTRUCTION THIRUVANANTHAPURAM 15 JAN 2014

## ഉത്തരവ്

എയിഡഡ് മേഖലയിലെ സ്കൂൾ മാനേജർമാരെ സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരായി നിയമിച്ചു കൊണ്ട് പുറപ്പെടുവിച്ച പരാമർശം 1 ലെ ഉത്തരവിൽ ഒന്നാം അപ്പീൽ അധികാരിയായി (എൽ.പി / യു.പി / ഹൈസ്കൂൾ) ബന്ധപ്പെട്ട അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസർ എന്നാണ് ഉത്തരവായിട്ടുള്ളത്. എന്നാൽ ഹൈസ്കൂൾ വിഭാഗത്തിന്റെ മേലധികാരി ഡിസ്ട്രിക്റ്റ് എഡ്യൂക്കേഷണൽ ഓഫീസർമാരായതിനാൽ അവരെ ഒന്നാം അപ്പീൽ അധികാരിയായി ഉത്തരവാകണമെന്നും എയിഡഡ് സ്കൂളുകളിലെ പ്രഥമാധ്യാപകർ നിലവിൽ സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരുടെ ചുമതല നിർവഹിച്ചു വരുന്നതിനാൽ അവർ തൽസ്ഥാനത്ത് തുടരുന്നതാണെന്ന് വിശദീകരണം നൽകണമെന്നും പരാമർശം 2 പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എയിഡഡ് സ്കൂൾ പ്രഥമാധ്യാപകരും എയിഡഡ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാരും അവർ സൂക്ഷിപ്പുകാരായ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് അതത് സ്കൂളുകളിലെ സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരായി തുടരുന്നതാണെന്നു സ്പഷ്ടീകരിച്ച് ഉത്തരവാകുന്നു. അതനുസരിച്ച് എയിഡഡ് മേഖലയിലെ സ്കൂളുകളിലെ സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരുടെയും അപ്പീൽ

(മറുപുറം)

അധികാരികളുടെയും പരിഷ്കരിച്ച പട്ടിക ചുവടെ ചേർക്കുന്നു.

| വിഭാഗം | സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ | അപ്പീൽ അധികാരി |
|---|---|---|
| എൽ.പി / യു.പി സ്കൂൾ | മാനേജർ<br>പ്രഥമാധ്യാപകർ | ബന്ധപ്പെട്ട അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസർ |
| ഹൈ സ്കൂൾ | മാനേജർ<br>പ്രഥമാധ്യാപകർ | ബന്ധപ്പെട്ട ഡിസ്ട്രിക്ട് എഡ്യൂക്കേഷണൽ ഓഫീസർ |
| ഹയർ സെക്കണ്ടറി സ്കൂൾ | മാനേജർ<br>പ്രിൻസിപ്പൽ | ഹയർ സെക്കണ്ടറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ |
| തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂൾ | മാനേജർ | വൊക്കേഷണൽ ഹയർ സെക്കണ്ടറി റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർ |

3. എയിഡഡ് മേഖലയിലെ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാരെ അതത് സ്കൂളുകളിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായി നിയമിക്കുന്നതിന് തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

4. പരാമർശം ഒന്നിലെ ഉത്തരവ് മേൽ വിവരിച്ച രീതിയിൽ പരിഷ്കരിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**എ.ഷാജഹാൻ,**

സ്പെഷ്യൽ സെക്രട്ടറി.

സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ - കേരളം, പുന്നൻ റോഡ്, തിരുവനന്തപുരം

പൊതു വിദ്യാഭ്യാസ ഡയറക്ടർ , പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി, തിരുവനന്തപുരം

ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ഹൌസിംഗ് ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം

തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ, തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ഹൌസിംഗ് ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി @ സ്കൂൾ പ്രോജക്ട്, SCERT ബിൽഡിംഗ്, തിരുവനന്തപുരം (പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

വിവര പൊതുജന സമ്പർക്ക വകുപ്പ് (വിപുല പ്രചാരണത്തിന്)

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ വിഭാഗം) വകുപ്പ് . {സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്}

പൊതു ഭരണ (ഏകോപന) വകുപ്പ്

പൊതു വിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും / എല്ലാ ഓഫിസർമാർക്കും

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ